(ബി) സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയതുവഴി 16 മെഡിക്കൽ ആഫീസർമാരുടെ തസ്തിക അധികമായി സൃഷ്ടിച്ചിട്ടുണ്ട്.

(സി) കാർഡിയോളജി യൂണിറ്റ് ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ബ്ലഡ് ബാങ്ക് ആധുനികവൽക്കരിക്കുന്നതിനും കംപോണന്റ് സെഗ്രിഗേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കായി നാലരക്കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2 കോടി രൂപ മുതൽ മുടക്കി സി.ടി. സ്കാൻ സെന്ററും. ലാബോറട്ടറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

പേരാമ്പ്ര താലൂക്ക് ആശുപത്രി

18 (1738) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പേരാമ്പ്ര മണ്ഡലത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയിൽ എന്തെല്ലാം തസ്തികകളാണ് പുതുതായി സൃഷ്ടിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ബി) പുതുതായി പദവി ഉയർത്തപ്പെട്ട പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പേരാമ്പ്ര താലൂക്കാശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കി. തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ ഒരു സൂപ്രണ്ടിന്റേയും ജനറൽ മെഡിസിൻ, ഗൈനക്കോളജി, ശിശുരോഗവിഭാഗം, നേത്രരോഗവിഭാഗം, ഇ.എൻ.റ്റി. എന്നിവയിൽ ഓരോ ജൂനിയർ മെഡിക്കൽ കൺസൾട്ടന്റിന്റെ തസ്തികയും ജനറൽ കേഡറിൽ രണ്ട് അസിസ്റ്റന്റ് സർജന്റെ തസ്തികയും ഉൾപ്പെടെ ആകെ എട്ട് തസ്തികകൾ നിലവിൽവന്നു. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ബ്ലഡ് സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആലത്തൂർ താലൂക്ക് ആശുപത്രിയിൽ അനുവദിക്കപ്പെട്ട തസ്തികകൾ

19 (1739) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ അനുവദിക്കപ്പെട്ട തസ്തികകൾ എത്ര ;

(ബി) ഇതിൽ എത്ര ഡോക്ടർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു ;

(സി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തി രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly